# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3758 20/07/2015-ലെ മറുപടിക്ക്

## പ്ലസ് ടു അഡ്മിഷൻ

**ചോദ്യം**

ശ്രീ.കെ.കെ.നാരായണൻ

(എ) ഇക്കൊല്ലം പ്ലസ് ടു കോഴ്സിന് നിരവധി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

**ഉത്തരം**

ശ്രീ.പി.കെ.അബ്ദു റബ്ബ്
(ബഹു.വിദ്യാഭ്യാസ വകുപ്പ മന്ത്രി)

(എ) & (ബി) ഉണ്ട്.
2015-16 അദ്ധ്യയന വർഷം സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനം നേടുന്നതിനായി 5,18,353 അപേക്ഷകൾ ലഭിച്ചിരുന്നു. മുഖ്യ അലോട്ട്മെന്റിന്റെ അവസാന അലോട്ട്മെന്റിന് ആകെ 2,42, 853 സീറ്റുകൾ ലഭ്യമായിരുന്നു. പ്രസ്തുത അലോട്ട്മെന്റിൽ 2,42,412 (99.82%) വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിക്കുകയുണ്ടായി. 2015 ജൂലൈ 8 ന് ക്ലാസുകൾ ആരംഭിച്ചു. തുടർന്ന് നിലവിൽ മെരിറ്റ് ക്വാട്ടയിലും സ്പോർട്സ് ക്വാട്ടയിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അനുവദിച്ചു.

09/07/2015-ലെ സ.ഉ (കൈ.) നം. 182/2015/പൊവി പ്രകാരം പ്ലസ് വൺ പ്രവേശനത്തിനുള്ള സീറ്റുകളിൽ 20% മാർജിനൽ വർദ്ധനവ് അനുവദിച്ചു. അതനുസരിച്ച് സർക്കാർ മേഖലയിൽ 28190 സീറ്റും, എയ്ഡഡ് മേഖലയിൽ 17624 സീറ്റും ലഭ്യമായിട്ടുണ്ട് (ആകെ 45814 സീറ്റുകൾ) .തുടർന്ന് സപ്ലിമെന്ററി അലോട്ട്മെന്റുകളും അവശേഷിക്കുന്നുണ്ട്. മുഖ്യ അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റും മാർജിനൽ വർദ്ധനവും ഉൾപ്പെടെ ആകെ 67890 സീറ്റുകൾ സപ്ലിമെന്ററി അലോട്ട്മെന്റിന് ലഭ്യമാണ്.

കൂടാതെ മാനേജ്മെന്റ്/കമ്മ്യൂണിറ്റി/അൺ എയ്ഡഡ് എന്നീ വിഭാഗങ്ങളിൽ ആകെ 1,15,458 സീറ്റും ലഭ്യമാണ്. (മാനേജ്മെന്റ് ക്വാട്ടയിൽ 38609 സീറ്റും കമ്മ്യൂണിറ്റി

ക്വാട്ടയിൽ 21119 സീറ്റും അൺ എയ്ഡഡ് മേഖലയിൽ 55730 സീറ്റും)

പ്ലസ് വൺ പ്രവേശനത്തിന് **അപേക്ഷിച്ചവർ തന്നെ സംസ്ഥാനത്ത് ലഭ്യമായ 26750 വി.എച്ച്.എസ്.ഇ സീറ്റുകളിലും 61429 ഐ.റ്റി. ഐ സീറ്റുകളിലും 9990 പോളി ടെക്നിക് സീറ്റുകളിലും പ്രവേശനം** നേടുമെന്നതിനാൽ അഡ്മിഷൻ പ്രക്രിയ അവസാനിക്കുമ്പോൾ പ്ലസ് വൺ **പ്രവേശനം ലഭിക്കാത്തവർ ഉണ്ടാകാനിടയില്ല. പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച** 5,18,353 അപേക്ഷകരിൽ ഒന്നിലധികം ജില്ലകളിൽ അപേക്ഷിച്ചവരും ഉൾപ്പെടുന്നുണ്ട്.

(സി) കഴിഞ്ഞ കാലങ്ങളിൽ പ്ലസ് ടു കോഴ്സുകൾ അനുവദിച്ച് ആരംഭിക്കാത്ത സ്കൂളുകളുടെ ബാച്ചുകൾ റദ്ദുചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

(സി) & (ഡി) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് യുക്തമായ നടപടി കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ